പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1725

08.06.2018-ൽ മറുപടിക്ക്

# തദ്ദേശസ്വംയഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ജെയിംസ് മാത്യു<br>,, എം. നൗഷാദ്<br>,, ബി.സത്യൻ<br>,, പുരുഷൻ കടലുണ്ടി | ഡോ. കെ. ടി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |

എ) തദ്ദേശസ്വംയഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണത്തിൽ മുൻവർഷങ്ങളെക്കാൾ ഈ വർഷം മുന്നേറ്റമുണ്ടായിട്ടുണ്ടോ; വിശദാംശം നൽകുമോ;

എ) തദ്ദേശസ്വംയഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണത്തിൽ മുൻവർഷങ്ങളേക്കാൾ ഈ വർഷം മുന്നേറ്റമുണ്ടായിട്ടുണ്ട്.

പഞ്ചായത്തുകളുടെ മുൻ വർഷങ്ങളിലെ പദ്ധതി പുരോഗതി വിവരങ്ങൾ
2014-15- 68.12%
2015-16- 73.61%
2016-17- 67.08%
2017-18- 85.44% (ട്രഷറികളിലെ പെൻഡിംഗ് ബില്ലുൾപ്പെടെ 90.09%)

2016-17, 2017-18 എന്നീ വർഷങ്ങളിൽ കോർപ്പറേഷനുകളിലേയും മുനിസിപ്പാലിറ്റികളിലേയും പദ്ധതി ചെലവ് ശതമാനത്തിൽ ചുവടെ ചേർക്കുന്നു.

| | 2016-17 | 2017-18 |
|---|---|---|
| **കോർപ്പറേഷൻ** | 63.77% | 77.74% |
| **മുനിസിപ്പാലിറ്റികൾ** | 66.89% | 82.74% |

2017-18 ൽ 1199 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ജൂൺ 17-നു മുൻപ് ഡിപിസി അനുമതി ലഭിച്ചു. എന്നാൽ 2018-19 ൽ എല്ലാ തദ്ദേശസ്ഥാപനങ്ങൾക്കും മെയ് 7 ന് മുമ്പ് ഡിപിസി അംഗീകാരം നൽകി. 2017-18 ൽ മെയ് മാസത്തിൽ ചെലവുകൾ 0.07 ശതമാനം മാത്രമായിരുന്നു. എന്നാൽ 2018-19 ൽ മെയ് മാസത്തിലെ ചെലവ് 5.82 ശതമാനമാണ്.

ബി) തദ്ദേശ സ്ഥാപനങ്ങളുടെ പദ്ധതിച്ചെലവിന്റെ ഈ വർഷത്തെ സംസ്ഥാന ശരാശരി എത്ര ശതമാനമാണെന്ന് വ്യക്തമാക്കാമോ;

ബി) 2017 -18 സാമ്പത്തിക വർഷത്തെ സംസ്ഥാന ശരാശരി

| | |
|---|---|
| പഞ്ചായത്തുകൾ | 85.44% (ട്രഷറികളിലെ പെൻഡിംഗ് ബില്ലുൾപ്പെടെ 90.09%) |
| കോർപ്പറേഷനുകൾ | 77.74% |
| മുനിസിപ്പാലിറ്റികൾ | 82.74% |

2018-19 സാമ്പത്തിക വർഷത്തെ 05-06-18 വരെയുള്ള പദ്ധതി ചെലവിന്റെ സംസ്ഥാന ശരാശരി 6.7 ശതമാനമാണ്.

സി) വിവിധ പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയതെന്ന് വ്യക്തമാക്കാമോ;

സി) പദ്ധതി നിർവ്വഹണത്തിന് പൂർണ്ണമായും ഒരു വർഷം ലഭിക്കത്തക്ക വിധത്തിൽ മാർച്ച് 31 ന് തന്നെ വാർഷിക പദ്ധതിക്ക് അംഗീകാരം നേടുന്നതിന് നിർദ്ദേശം നൽകുകയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ 2018-19 വാർഷിക പദ്ധതിക്ക് അംഗീകാരം നേടുകയും ചെയ്തിട്ടുണ്ട്

28.04.2018 ലെ ഡി.എ 1/441/2018/തസ്വഭവ സർക്കുലർ പ്രകാരം വാർഷിക പദ്ധതി നിർവ്വഹണ നടപടിക്രമങ്ങൾ സമയബന്ധിതമായി ചിട്ടപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

ഡി) തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതികൾ ജില്ലാ ആസൂത്രണ സമിതികൾക്ക് ആരംഭത്തിൽ തന്നെ സമർപ്പിക്കുന്നതിനും അതുവഴി സാമ്പത്തിക വർഷത്തിന്റെ അവസാന മാസങ്ങളിൽ തിരക്കിട്ട് തുക ചെലവഴിക്കുന്ന രീതി ഒഴിവാക്കുന്നതിനും കർശന നിർദ്ദേശം നൽകുമോ?

ഡി) സാമ്പത്തിക വർഷത്തിന്റെ അവസാന മാസങ്ങളിൽ തിരക്കിട്ട് തുക ചെലവഴിക്കുന്ന രീതി ഒഴിവാക്കുന്നതിനായി പദ്ധതി നിർവ്വഹണത്തിന് പൂർണ്ണമായും ഒരു വർഷം ലഭിക്കത്തക്ക വിധത്തിൽ മാർച്ച് 31 ന് തന്നെ വാർഷിക പദ്ധതിക്ക് അംഗീകാരം നേടുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ